# കോഴിവളർത്തൽ

BALBHAVAN & CHILDREN'S LIBRARY
JAWAHAR
10173

പി. ആർ. കെ. നായർ

കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി
തിരുവനന്തപുരം

വില: ക. 1. 00

(Malayalam)
**KOZHI VALARTHAL**

Author:
**P. R. K. NAIR**

First Published June 1978

Price Rs. 1.00

Printed at:
Prathibha Printers, Mavelikara-6

Published by:
Kerala Association for Non formal Education and Development (KANFED) Trivandrum-14

©

Kanfed Vinjanamala-40

# ആമുഖം

ആദായകരമായ ഒരു തൊഴിലാണ് കോഴിവളർത്തൽ. പക്ഷേ അതിന്റെ ശാസ്ത്രീയ വശം നമ്മുടെ ജനങ്ങൾ-പ്രത്യേകിച്ച് ഗ്രാമവാസികൾ-വേണ്ടത്ര മനസിലാക്കിയിട്ടില്ല. ഗ്രാമത്തിന്റെ സാമ്പത്തിക വളർച്ചയിൽ കാര്യമായ സംഭാവനകൾ നൽകാൻ ഈ തൊഴിലിന് കഴിയും. അതിന് വേണ്ടത് എന്താണെന്നോ? കോഴിവളർത്തലിന്റെ ശാസ്ത്രീയ വശത്തെക്കുറിച്ചുള്ള ബോധം ഗ്രാമീണരിൽ കൊണ്ടെത്തിക്കുകതന്നെ. നല്ലയിനം കോഴികളെ തെരഞ്ഞെടുക്കുക, അവയെ വേണ്ടവിധം പരിപാലിക്കുക, രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക, ഉണ്ടായാൽ ഫലപ്രദമായ ചികിത്സകൾ നടത്തുക എന്നിവ പ്രധാന സംഗതികളാണ്. കോഴിവളർത്തലിനെ സംബന്ധിച്ച എല്ലാ ശാസ്ത്രീയ വിവരങ്ങളും നൽകുന്ന വളരെ പ്രയോജനകരമായ ഒരു പുസ്തകമാണ് 'കോഴിവളർത്തൽ.'

പുതിയതായി അക്ഷരാഭ്യാസം നേടിയവർക്കുവേണ്ടി തയാറാക്കിയതാണ് ഈ പുസ്തകം. എങ്കിലും എല്ലാ വിഭാഗക്കാർക്കും ഈ പുസ്തകം പ്രയോജനപ്പെടും.

കാൺഫെഡ്

പ്രസിദ്ധീകരണ സമിതി.

## ഉള്ളടക്കം

1. പുതിയവെളിച്ചം
2. കോഴിവളർത്തലിനെപ്പററി
3. കോഴിക്കൂട്
4. ആഹാരം
5. കോഴിയുടെ തരം
6. സാമ്പത്തികവശം
7. മുട്ടസൂക്ഷിക്കൽ
8. കോഴിക്കുഞ്ഞുങ്ങൾ
9. രോഗങ്ങൾ
10. മുട്ട

# 1
# പുതിയ വെളിച്ചം

ഒരുദിവസം വീട്ടിൽ ഒരാൾ വന്നു. അദ്ദേഹത്തെ ഈ പ്രദേശത്ത് ചിലപ്പോൾ കാണാറുണ്ട്. വന്ന ഉടനെ എന്നെ അന്വേഷിച്ചു. ഞാൻ അല്പം അകലെ ഉണ്ടായിരുന്നു. ഞാൻ അടുത്തെത്തി.

കൃഷ്ണൻ നായരല്ലേ?

അതെ.

എന്നെ മനസ്സിലായോ?

കണ്ടിട്ടുണ്ട്.

ബ്ലോക്കിലെ ഉദ്യോഗസ്ഥനാണ്.

ഓ, ഇവിടത്തെ ഗ്രാമസേവകനാണല്ലെ? ഇന്ന് അങ്ങനെയല്ല പറയുക. വില്ലേജ് എക്സ്റ്റൻഷൻ ആഫീസറെന്നാണ്.

ആ നീണ്ട പേർ പറയുക എളുപ്പമല്ലല്ലെ? അപ്പോൾ ഉദ്യോഗ കയററം കിട്ടീ അല്ലെ? പേരു മാറി എന്നേ ഉള്ളു. ഉദ്യോഗമെല്ലാം അതുതന്നെ.

ഓഹോ അങ്ങനെയാണോ?

അതെ.

പിന്നെ, വന്ന കാര്യം പറഞ്ഞില്ലല്ലൊ.

പറയാം. നിങ്ങൾ സർവ്വീസ് സഹകരണ സംഘത്തിൽ മെമ്പറാണോ?

അതെ.

ചെറുകിട കൃഷിക്കാരനായി പേർ രജിസ്ററർ ചെയ്തിട്ടുണ്ടോ?

ഈയിടെ ഒരു ഫാറം സൊസൈററിയിൽ നിന്നു കിട്ടി. അതു പൂരിപ്പിച്ച് മകൻെറ കൈയിൽ കൊടുത്തു. അവൻ അതുംകൊണ്ട് പോയിരുന്നു.

വില്ലേജ് ആഫീസർ ഭൂമിയുടെ കണക്കു സാക്ഷ്യപ്പെടുത്തിയില്ലേ?

അതെല്ലാം അവനാണ് കൊണ്ടുപോയി ചെയ്തത്.

ഓഹോ, എനിക്കിപ്പോൾ മനസിലായി. നിങ്ങളുടെ മകനാണോ രാജൻ?

അതെ.

നിങ്ങളെ ചെറുകിട കൃഷിക്കാരനായി അംഗീകരിച്ചിട്ടുണ്ട്.

വന്ന കാര്യം പറഞ്ഞില്ലല്ലോ.

ഒരു പ്രധാന കാര്യം പറയുവാനുണ്ട്. കോഴിവളർത്തു കേന്ദ്രത്തെപ്പററി കേട്ടിട്ടുണ്ടാകുമല്ലോ?

രാജൻ, ഇതിനിടെ പറഞ്ഞിരുന്നു.

നിങ്ങൾ ഒരു മെമ്പറാകണം. അതുകൊണ്ടുള്ള നേട്ടവും പറഞ്ഞുതരാം. മെമ്പർമാർക്കു സ്വന്തമായി കോഴിവളർത്തുകേന്ദ്രം അനുവദിക്കുന്നുണ്ട്.

അതിനെല്ലാം പണമെവിടെ സാറെ?

മുഴുവൻ കേട്ടാൽ മനസിലാകും. മെമ്പർമാർക്കു ധനസഹായം ലഭിക്കും. കെട്ടിടത്തിനും കോഴിക്കും തീററയ്ക്കും വേണ്ട സംഖ്യ കടമായി ലഭിക്കും.

എന്നാൽ തരക്കേടില്ലല്ലോ.

മാത്രമല്ല, രണ്ട് ഏക്കർ മുതൽ അഞ്ച് ഏക്കർവരെയുള്ളവർ വാങ്ങിയ സംഖ്യയുടെ കാൽഭാഗം തിരിച്ചടക്കേണ്ടതില്ല. രണ്ട് ഏക്രയിൽ താഴെയുള്ളവർ മൂന്നിലൊരു ഭാഗവും അടക്കേണ്ടതില്ല.

അപ്പോൾ നല്ല കാര്യമാണല്ലോ സാറെ?

അതുകൊണ്ടല്ലേ കൃഷ്ണൻനായരെ കാണുവാൻ വന്നത്.

അതിനു ഞാനെന്താ ചെയ്യേണ്ടത്?

സൊസൈററിയിൽ മെമ്പറാവണം.

ഞാൻ മെമ്പറാണല്ലോ.

സർവ്വീസു സഹകരണ സംഘത്തിലല്ല. കോഴിവളർത്തു സഹകരണ സംഘത്തിൽ.

മെമ്പറാകാൻ അപേക്ഷാഫാറം വേണ്ടേ?

അതും ഞാൻ കൊണ്ടുവന്നിട്ടുണ്ട്. മെമ്പറാകാൻ അൻപതു രൂപ അടയ്ക്കണം. കൂടാതെ ഒരു രൂപ പ്രവേശന ഫീസും.

അപ്പോൾ അൻപത്തിഒന്നു രൂപ വേണമല്ലോ അതില്ലല്ലൊ സാറെ.

ഇപ്പോൾ വേണ്ട. ഫാറം പൂരിപ്പിച്ച് സംഖ്യയുമായി അടുത്ത ദിവസം ആഫീസിൽ രാജനെ അയക്കൂ. മെമ്പറായി അംഗീകരിച്ചാൽ അറിയിക്കും.

അതപ്പോൾ തന്നെ അറിയില്ലെ.

കൃഷ്ണൻനായർക്ക് അറിഞ്ഞുകൂടെ? ഭരണ സമിതി ചേർന്ന് മെമ്പർഷിപ്പ് അംഗീകരിക്കണം.

സാറ് ഇവിടെ വന്നത് നന്നായി എൻെറ ഭാഗ്യം തന്നെ.

അപ്പോഴേക്കും രാജൻ ചായയുമായി വന്നു. രാജനുമായി സംസാരിച്ചു. അവനു കാര്യമെല്ലാം വ്യക്തമായി.

ഉദ്യോഗസ്ഥൻ സ്ഥലംവിട്ടു. അടുത്ത ദിവസം തന്നെ മെമ്പറാകുന്നതിനുളള സംഖ്യ അടച്ചു. അല്പ ദിവസത്തിനുളളിൽ മെമ്പർഷിപ്പ് അംഗീകരിച്ച വിവരവും ലഭിച്ചു.

# 2
# കോഴിവളർത്തലിനെപററി

മെമ്പർഷിപ്പ് ലഭിച്ച വിവരം ഞാൻ ആഫീസറെ അറിയിച്ചു. അടുത്ത ദിവസം അദ്ദേഹം എന്നെ കാണാൻ വന്നു.

കണ്ട ഉടനെ പറഞ്ഞു. സാർ, ഇരിക്കണം. വിവരം രാജൻ പറഞ്ഞിരുന്നുവല്ലൊ.

അതാണല്ലൊ ഇങ്ങോട്ടു വന്നത്.

വേഗത്തിൽ കടം കിട്ടുമോ?

കഴിവതും വേഗത്തിൽ കിട്ടാനുളള ഏർപ്പാടുണ്ട്. വഴിക്കുവഴിയായാണ് സംഖ്യ അനുവദിക്കുക.

ഇതിന് 'വല്ലവന്മാരേയും കാണേണ്ടിവരുമോ'?

ഈ കാര്യത്തിൽ ആരെയും കാണേണ്ടതില്ല.

ഞാൻ അങ്ങനെ പറഞ്ഞുപോയതിൽ– പരിഭവിക്കരുത്. അറിവില്ലായ്മകൊണ്ടാണ്.

കൃഷ്ണൻനായർ പറഞ്ഞതതിൽ തെററൊന്നുമില്ല.

കോഴിവളർത്തലിനെപ്പററി എനിക്കൊന്നുമറിഞ്ഞുകൂടാ. എല്ലാം സാറു പറഞ്ഞുതരണം.

കൃഷ്ണൻനായർ ഈ കാര്യത്തിൽ വിഷമിക്കേണ്ടതില്ല. കുറെ കാര്യങ്ങൾ ഞാൻ പറഞ്ഞുതരാം. അനുഭവത്തിൽ കൂടി കൂടുതൽ മനസിലാകും.

ഇത് ആദായകരമാണ്, അല്ലെ?

സംശയം തീർന്നിട്ടില്ല, അല്ലെ? കോഴിവളർത്തൽ ആദായകരമായ തൊഴിലാണ്. മുടക്കുമുതലുണ്ടാക്കുവാൻ പ്രയാസമില്ല. സംഘത്തിൽ നിന്നു കടമായി ലഭി

ക്കും. മുട്ടയിൽ നിന്നു ലഭിക്കുന്ന ആദായം കൊണ്ട് സംഘത്തിൽ നിന്നു വാങ്ങിയ കടം വീട്ടാം.

നാടൻ കോഴികളെക്കാൾ പുതിയ തരം കോഴികൾ നേട്ടമാണ്, അല്ലെ?

നാടൻ കോഴികൾ ആദായകരമല്ല. മുട്ട ചെറുതുമാണ്. നാടൻ കോഴികളിൽ നിന്നു കിട്ടുന്ന മുട്ടയും കുറവാണ്. ഒരു തവണ പത്തോ പന്ത്രണ്ടോ മുട്ടയിടും. പിന്നെ കുറെ ദിവസങ്ങളോളം മുട്ടയുണ്ടാവുകയില്ല. കൂടിയാൽ വർഷത്തിൽ അൻപതു മുട്ട കിട്ടും.

എന്നാൽ, ശീമക്കോഴികൾ അങ്ങനെയല്ല.

ഈ ശീമക്കോഴികൾ എന്നു പറയുന്നതേതാണ്?

ഇപ്പോൾ സംഘം മുഖേന ലഭിക്കുന്ന പുതിയതരം കോഴികൾ. അവയുടെ മുട്ട താരതമ്യേന വലുതാണ്. കൊല്ലത്തിൽ മുന്നൂറോളം മുട്ട ഇടും.

ഏതായാലും നല്ലൊരു വരുമാനമാർഗം തന്നെ. അല്ലേ?

കോഴിമുട്ടയിൽനിന്നും കോഴി ഇറച്ചിയിൽ നിന്നും നല്ല വരുമാനമുണ്ടാകും. നമ്മുടെ രാജ്യത്ത് ഇരുപതു കോടി രൂപയിലധികം ഇതുവഴി ശരാശരി വരുമാനം ലഭിക്കുന്നു. ഇത് ദേശീയ വരുമാനത്തിൽ നല്ലൊരു പങ്കു വഹിക്കുന്നു.

ഇപ്പോഴാണ് കാര്യം വ്യക്തമായത്. പഴയകാലത്ത് കോഴികളെ വളർത്തിയിരുന്നില്ലേ?

വളരെക്കാലം മുമ്പുമുതൽതന്നെ കോഴിവളർത്തൽ ആരംഭിച്ചു. കാട്ടുകോഴികളിൽ നിന്നാണത്രെ വീട്ടുകോഴികളുണ്ടായത്. ഇന്നും ചില ഗ്രാമീണർ പഴയ രീതിയിലാണ് കോഴിവളർത്തുന്നത്.

ഇന്ന്, സ്ഥിതിമാറിയെന്നല്ലെ സാറ് പറഞ്ഞത്?

അതെ. ഇന്നു ശാസ്ത്രീയ രീതിയിലാണ് കോഴിയെ വളർത്തുന്നത്. ഏതാണ്ട് പത്തുവർഷമായി ഈ രീതി

തുടർന്നുവരികയാണ്. വേണ്ട വിജയം ഉണ്ടായിട്ടുണ്ട്.

രോഗം വന്നാൽ കോഴി നശിക്കില്ലേ?

കോഴിക്കുണ്ടാകുന്ന സുഖക്കേടുകൾ ചികിത്സിച്ചു മാററാം. അതിനുള്ള സൗകര്യങ്ങൾ ഇന്നുണ്ട്. ചികിത്സിക്കുന്നതുകൊണ്ട് മരണനിരക്കു കുറയുന്നു. കോഴിവളർത്തൽ പുരോഗമിക്കുവാൻ ഇതും ഒരു കാരണമാണ്.

എവിടെല്ലാം കോഴിവളർത്തൽ നടക്കുന്നു?

ലോകത്തു കോഴിവളർത്തലിന്നു പ്രധാനം അമേരിക്കൻ ഐക്യനാടുകളിലാണ്. യു. എസ്. എ. എന്നും പറയും. അതുകഴിഞ്ഞാൽ തെക്കെ അമേരിക്കയിലെ ബ്രസീലിൽ ആണ്. മൂന്നാം സ്ഥാനമാണ് നമ്മുടെ രാജ്യത്തിനും.

നമ്മുടെ രാജ്യത്ത് ഈ തൊഴിലിന്റെ സ്ഥിതി എങ്ങനെയാണ്?

ഇന്ത്യയിൽ കോഴിവളർത്തൽ കൂടുതൽ ആന്ധ്രായിലാണ്. അതു കഴിഞ്ഞാൽ ബീഹാറിലാണ്. മൂന്നാമത്തെ സ്ഥാനം പടിഞ്ഞാറൻ ബങ്കാളിന്നാണ്. ആളോഹരി പരിശോധിച്ചാൽ കൂടുതൽ വളർത്തുന്നത് മദ്ധ്യപ്രദേശത്താണ്. അതുകഴിഞ്ഞാൽ ആസാമിലാണ്. ആളോഹരി കണക്കാക്കുമ്പോൾ ബീഹാറും പടിഞ്ഞാറൻ ബങ്കാളും മൂന്നാം സ്ഥാനത്താണ്.

കൂടുതൽ മുട്ട കിട്ടുന്നതിനെപ്പററി പറഞ്ഞില്ലല്ലൊ?

ലോകത്ത് ആകെ നോക്കിയാൽ കൂടുതൽ മുട്ട കിട്ടുന്നത് ഡെൻമാർക്കിലാണ്. അതുകഴിഞ്ഞാൽ അമേരിക്കയിലും. ഇതിൽ നിന്നും എത്രയോ പിന്നിലാണ് ഇന്ത്യ.

കോഴിവളർത്തുമ്പോൾ മററു പലതും വേണ്ടിവരില്ലേ? അതെപ്പററിയൊന്നും പറഞ്ഞില്ലല്ലൊ.

പറഞ്ഞുവരുന്നല്ലെയുള്ളു. അറിയുവാനുള്ള ബദ്ധപ്പാടാണ് കൃഷ്ണൻനായർക്ക്. അതാണു വേണ്ടതും. കോഴിവളർത്തൽ നല്ലപോലെ നടക്കുമ്പോൾ മററു വ്യവസായങ്ങളും വളരും.

അതെന്താണ്?

മുട്ട വിരിക്കുന്ന യന്ത്രം അത്യാവശ്യമായി വരുന്നു. ആ യന്ത്രത്തിന് ഇൻകുബേററർ എന്നു പറയും. കൂടാതെ കോഴിത്തീററ പൊടിക്കുന്നതിനുളള യന്ത്രങ്ങളും ആവശ്യമായി വരും. അങ്ങിനെ പല ഉപകരണങ്ങളും കുറെപേർക്ക് ഇത്തരം യന്ത്രങ്ങളുണ്ടാക്കുന്ന ജോലി ലഭിക്കും.

കൂടുതലാളുകൾ കോഴിവളർത്തലിലേർപ്പെട്ടാൽ മുട്ട ചെലവാകുവാൻ പ്രയാസമല്ലെ?

ഈ തൊഴിലിന്ന് ഇവിടെ വളരെ സാധ്യതയുണ്ട്. ജനങ്ങളുടെ ആവശ്യത്തിനു വേണ്ട മുട്ട ഇന്നു ലഭിക്കുന്നില്ല. ഏതായാലും സംശയം തീർക്കുന്നത് നല്ലതു തന്നെ.

ഈ തൊഴിൽ എനിക്കു വലിയ നേട്ടമാണ്, അല്ലെ?

ചെറുകിട കൃഷിക്കാരനായ നിങ്ങൾക്ക് ഇത് ഒരനുഗ്രഹമാണ്. വിശ്രമ സമയത്ത് ഒരു വിനോദമാണ് കോഴിവളർത്തൽ. മുട്ട, ഇറച്ചി ഇവ കിട്ടുമെന്ന് മാത്രമല്ല കോഴിക്കാട്ടം നല്ല വളവുമാണ്. ചെറുകിട കൃഷിക്കാരനായ നിങ്ങൾക്ക് ഇത് കൂടുതൽ പ്രയോജനപ്പെടുന്നു. കൃഷിക്കുവേണ്ട വളത്തെപ്പററി അന്വേഷിക്കേണ്ടതില്ല. കോഴിവളം കൃഷിക്ക് ഏററവും പററിയതാണ്.

കോഴിവളർത്തലിനോടൊപ്പം പല വ്യവസായങ്ങളും വളരുമെന്നു പറഞ്ഞുവല്ലൊ. യന്ത്രങ്ങൾക്കു പുറമെ കോഴിത്തീററ നിർമ്മാണവും വൻ തോതിൽ നടക്കും. അപ്പോൾ തൊഴിലില്ലായ്മക്ക് അങ്ങിനെയും പരിഹാരമുണ്ടാകും.

ഇപ്പോൾ ഇതെപ്പററി ചില കാര്യങ്ങൾ മനസിലായല്ലൊ. എനിക്കു വേറൊരാളെകൂടി കാണുവാനുണ്ട്. ഇനിയും നമുക്കു കാണാം,

സാറിൻെറ ഉപദേശത്തിനു നന്ദി.

# 3
# കോഴിക്കൂട്

ഞാൻ കോഴിവളർത്തൽ തുടങ്ങിയതെങ്ങനെ എന്നു മനസിലായല്ലോ. എന്നെപ്പററിയും അല്പം പറഞ്ഞു തരാം. എൻെറ വീട് തളിപ്പറമ്പ് ബ്ളോക്കിലാണ്. പറശിനിക്കടവ് കേട്ടിട്ടുണ്ടാകുമല്ലോ. പ്രസിദ്ധ മുത്തപ്പൻ ക്ഷേത്രമവിടെയാണ്. അതിന്നടുത്താണ് എൻെറ വീട്. പേര് ഗോവിന്ദൻ എന്നാണ്. ഞാൻ ചെറുകിട കൃഷിക്കാരനാണെന്നറിയാമല്ലോ. കൃഷികൊണ്ട് മാത്രം ജീവിക്കുവാൻ പ്രയാസമാണ്.

കോഴിവളർത്തൽ തുടങ്ങിയതുകൊണ്ട് ഒഴിവുസമയം ഉപയോഗപ്രദമായി ചെലവഴിക്കാം. അതോടൊപ്പം എൻെറ ജീവിതത്തിലും മാററമുണ്ടായിട്ടുണ്ട്. ഇപ്പോൾ പറയത്തക്ക വിഷമങ്ങളില്ല.

കോഴിവളർത്തലിനെപ്പററി അത്യാവശ്യമായി വേണ്ട അറിവ് എനിക്ക് ലഭിച്ചിട്ടുണ്ട്. പുസ്തകങ്ങൾ വഴിയും അറിവുള്ളവർ പറഞ്ഞുതന്നും കാര്യങ്ങൾ മനസിലാക്കി. അനുഭവത്തിലൂടെയാണ് കൂടുതൽ കാര്യങ്ങൾ പഠിച്ചത്. അനുഭവമാണ് എൻെറ ഏററവും വലിയ അറിവ്. ഞാൻ മനസിലാക്കിയ കാര്യങ്ങൾ പറഞ്ഞു തരാം.

കോഴിവളർത്തു കേന്ദ്രത്തിനുള്ള കെട്ടിടം പണിയുവാനുള്ള സംഖ്യയാണ് ആദ്യമായി ലഭിക്കുക. കോഴിക്കൂടിനുള്ള കെട്ടിടമാണിത്. കോഴിക്കൂട് പണിയുമ്പോൾ വിശദമായി ചിന്തിക്കണം. ജോലി തുടങ്ങുമ്പോഴും മുൻകൂട്ടി ആലോചിക്കേണ്ടതുണ്ടല്ലോ!

കോഴിക്കൂടു നിർമ്മിക്കുമ്പോൾ ആലോചിക്കേണ്ട കാര്യങ്ങൾ പലതാണ്. രോഗങ്ങളും മററു ശല്യങ്ങളും ഉണ്ടാകുവാൻ പാടില്ല. നല്ല വെളിച്ചവും ധാരാളം ശുദ്ധവായുവും ലഭിക്കണം. മഞ്ഞ്, മഴ, തണുപ്പ്, ചൂട് എന്നിവയിൽ നിന്നും സംരക്ഷണം വേണം. വേണ്ടത്ര സ്ഥലസൗകര്യം വേണം. കുറഞ്ഞ ചെലവിൽ ആദായകരമായ കൂട് നിർമ്മിക്കുവാൻ കഴിയണം. ഈ കാര്യത്തിൽ അറിവുള്ളവരുടെ ഉപദേശം ഏററവും ആവശ്യമാണ്.

കോഴിക്ക് വേണ്ടത്ര തീററയും വെള്ളവും കിട്ടുവാൻ സൗകര്യമുണ്ടായിരിക്കണം. തമ്മിൽ തമ്മിൽ കൊത്തുക, തൂവലുകൾ കൊത്തിത്തിന്നുക തുടങ്ങിയ പല ദുഃസ്വഭാവങ്ങളും കോഴികളിലുണ്ട്. അതിനുള്ള സൗകര്യം കൂട്ടിൽ ഉണ്ടാകരുത്.

കോഴിക്കൂട് നിർമ്മിക്കുമ്പോൾ നമ്മുടെ നാട്ടിലെ സാഹചര്യവും കണക്കിലെടുക്കണം മുട്ടയിടുന്ന കോഴിക്ക് കൂടുതൽ സ്ഥലം വേണം. ഇറച്ചിക്കു വേണ്ടി വളർത്തുന്ന കോഴിക്ക് അതിൻെറ പകുതി സ്ഥലം മതി.

നമ്മുടെ രാജ്യത്ത് പൊതുവെ എല്ലായ്പോഴും ചൂട് അനുഭവപ്പെടുന്നുണ്ട്. ഉയർന്ന സ്ഥലങ്ങളിൽ ചൂട് കുറയും. ചൂട് കൂടുതലുള്ള സ്ഥലങ്ങളിൽ കോഴിക്കൂടിൽ വായുസഞ്ചാരം കൂടുതൽ വേണം.

ആഹാരത്തിൻെറ അളവ് കുറച്ചാൽ കോഴിയുടെ ചൂട് കുറയും അത് നല്ലതല്ല. അങ്ങിനെ ചെയ്താൽ മുട്ട കുറയും.

കൂടിൻെറ കൂര ചരിഞ്ഞിരിക്കണം. അപ്പോൾ സൂര്യരശ്മി നേരിട്ട് കൂടിനുള്ളിൽ പതിക്കുകയില്ല. കുരയ്ക്ക് ലോഹത്തകിട് ഉപയോഗിക്കരുത്. കൂര ഓല കൊണ്ട് മേയുന്നതാണ് ഏററവും നല്ല മാർഗം. കൂടി

നു ചുററും പുല്ല് വളർത്തുന്നതും നിഴൽ മരങ്ങൾ നട്ടു തണൽ ഉണ്ടാക്കുന്നതും നല്ലതാണ്. എന്നാൽ ചൂട് കുറയുമല്ലൊ.

തണുപ്പു കാലത്തും തണുപ്പ് പ്രദേശങ്ങളിലും കൂടുതൽ വായു സഞ്ചാരം പാടില്ല. അപ്പോൾ കോഴിക്കൂട് അടച്ചിടണം. കാററടിക്കാത്ത വശം മാത്രം തുറക്കണം.

കോഴിക്കൂടിനുള്ളിൽ കൂടുതൽ ഈർപ്പം (നനവ്) പാടില്ല. അങ്ങിനെയായാൽ ദുർഗന്ധം പുറപ്പെടുവാനും മുട്ടകളിൽ അഴുക്കു പുരളുവാനും ഇടയാകും. രോഗം പിടിപെടുവാനും എളുപ്പമാണ്. കൂടിനുള്ളിൽ നനവില്ലാത്ത വരണ്ട അവസ്ഥയും ഉണ്ടാകരുത്. അപ്പോൾ പൊടി പടലമുണ്ടാകും. ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്കും ഇതു കാരണമായേക്കാം.

വളരുന്ന കോഴികൾക്ക് ധാരാളം പ്രകാശം ലഭിക്കണം. മുട്ടയിടുന്ന കോഴിക്കും ഇത് ആവശ്യമാണ്.

കൂടിന്റെ തറ അല്പം ഉയർന്നിരിക്കണം. ആവശ്യ മായ ജനലുകൾ ഉണ്ടായിരിക്കണം. ദ്വാരങ്ങൾ കമ്പി വലകൊണ്ടടയ്ക്കണം. സൗകര്യമുള്ള വാതിലുകളും വേണം.

കുറച്ച്സ്ഥലത്ത് കൂടുതൽ കോഴികളെ വളർത്തുന്ന സമ്പ്രദായമുണ്ട്. അതിന് ഡീപ്പ്ലിററർ സമ്പ്രദായം എന്നു പറയുന്നു. ലിററരെന്താണെന്നറിയേണ്ടേ?

കരിമ്പിൻ ചണ്ടി, മരപ്പൊടി, വെട്ടിനുറുക്കിയ വൈക്കോൽ, ഉമി, ചകരിച്ചോറ് ഇവയിലേതെങ്കിലും ഒന്ന് കൂടിന്റെ തറയിൽ വിതറുന്നു. ഇതിന്നാണ് ലിററർ എന്നു പറയുന്നത്.

കോഴിയുടെ വിസർജന വസ്തുക്കൾ (പ്രധാനമായും കോഴിക്കാട്ടം) ലിറററിൽ വീഴുന്നു. ഇതു നല്ല വളമായി മാറും. കമ്പാസ്ററ് കുഴിയിൽ വളം ഉണ്ടാ

ക്കുന്നതറിയാമല്ലോ. ഏതാണ്ടതുപോലെ തന്നെ.

നാല്പതു കോഴികളിൽ നിന്ന് ഒരു വർഷം ഒരു ടൺ വളം ലഭിക്കും. കൃഷിക്കാരന്നു ഇതു വലിയ നേട്ടമാണ്. കോഴി വളം രാസവളങ്ങളെക്കാൾ എത്രയോ നല്ലതാണ്. ഇത് വിളവ് വർദ്ധിക്കുമെന്ന് അനുഭവം കൊണ്ട് മനസിലായി.

ഡീപ്പ്ലിററർ സമ്പ്രദായത്തിൽ ധാരാളം ജോലി ലാഭിക്കാം. ഡീപ്പ്ലിററർ കൂടുകൾ ദിവസേന വൃത്തിയാക്കേണ്ടതില്ല. ഒരു വർഷത്തേക്ക് ലിററർ മാററിയില്ലെങ്കിലും കുഴപ്പമൊന്നുമില്ല.

ഈ സമ്പ്രദായത്തിൽ ചൂടുകാലത്തും രക്ഷ കിട്ടുന്നു. ലിററർ ഉപയോഗിക്കുമ്പോൾ ഉഷ്ണനിലയിൽ മാററമുണ്ടാകുന്നില്ല.

കോഴികൾക്കു കുടിക്കാൻ വെച്ചുകൊടുക്കുന്ന വെള്ളം ലിറററിൽ വീഴരുത്. ഒരുയർന്ന തിണ്ണ ഉണ്ടായിരിക്കണം. തിണ്ണയുടെ മുകളിൽ കൂടി വെള്ളം വാർന്ന് താഴേക്ക് പോകണം. വെള്ളം നിറച്ച പാത്രങ്ങൾ തിണ്ണയ്ക്കു മുകളിൽ വെക്കണം.

ലിററർ കട്ട പിടിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ലിററർ നനയാതിരിക്കുകയാണ് അതിനുള്ള വഴി.

കൂട്ടിനുള്ളിൽ കോഴികളെ ഞെക്കിഞെരുക്കി വളർത്തരുത്. മഴക്കാലങ്ങളിൽ വിഷമമുണ്ടാകും. രോഗംവരാനും ഇടയാകും.

കോഴിക്കൂടിൽ തീററപ്പാത്രങ്ങൾ, വെള്ളം വെക്കുന്ന പാത്രങ്ങൾ, മുട്ടയിടുവാനുള്ള കൂടുകൾ എന്നിവ ഉണ്ടായിരിക്കണം. അവയ്ക്കെല്ലാം പ്രത്യേക സ്ഥാനം കാണണം.

കോഴി, തീററ തിന്നുന്നതിനനുസരിച്ച് പ്രധാന പാത്രത്തിൽ നിന്നു താഴത്തെ തട്ടിലേക്കു തീററ അല്പാല്പമായി വീഴുവാൻ സൗകര്യമുണ്ട്. അതുപോലെ

തന്നെ വെള്ളം കൊത്തി കുടിക്കുന്നതും.

കോഴി വെള്ളം കുടിക്കുന്ന കോഴിപ്പാത്രം കണ്ടിട്ടില്ലെ? അതു സാധാരണപാത്രമല്ല. വൃത്തത്തിലുള്ള പരന്ന മൺപാത്രമാണത്. അതിനു മധ്യത്തിൽ കൂമ്പാരാകൃതിയിലുള്ള മറെറാരു പാത്രത്തിൽ വെള്ളം നിറച്ച് കമ്ഴ്ത്തി വെച്ചിരിക്കും. അടിയിലുള്ള പരന്ന പാത്രത്തിലെ വെള്ളം തീരുന്നതനുസരിച്ച് കമഴ്ത്തിവെച്ച കൂമ്പാരാകൃതിയിലുള്ള പാത്രത്തിൽ നിന്നും വെള്ളം പരന്ന പാത്രത്തിൽ എത്തുന്നു. പരന്ന പാത്രത്തിൽ എപ്പോഴും വെള്ളം ഉണ്ടാകും. കോഴിക്ക് കൊത്തിക്കുടിക്കുവാൻ പ്രയാസവുമില്ല.

## 4
## ആഹാരം

ആഹാരമില്ലാതെ ആർക്കും ജീവിക്കുവാൻ സാധ്യമല്ലല്ലൊ. ഈ കാര്യത്തിൽ മനുഷ്യരെപ്പോലെ തന്നെയാണ് പക്ഷി മൃഗാദികളുടെയും അവസ്ഥ.

കോഴിക്ക് വേഗം ദഹിക്കുമത്രെ. കുട്ടികൾ വിശക്കുന്നു വെന്നു പറയുമ്പോൾ 'നിൻെറ വയററിൽ കോഴിയും കുഞ്ഞുങ്ങളുമുണ്ടോ?' എന്ന് അമ്മമാർ പറയുന്നത് അതുകൊണ്ടാണ്.

സ്വാദുള്ള ആഹാരം വേഗത്തിൽ ദഹിക്കും. ഭക്ഷ്യ പദാർത്ഥങ്ങൾ വ്യത്യസ്ത പോഷകങ്ങൾ—ഉള്ളവയാണ്. ശരീരത്തിൻെറ പ്രവർത്തനത്തിന് പോഷകങ്ങൾ ആവശ്യമാണ്. അതുകൊണ്ട് കൊടുക്കുന്ന ആഹാര പ

ദാർത്ഥങ്ങൾ ക്രമീകരിക്കണം. കുടിക്കുവാനാവശ്യമായ വെള്ളം കൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

പോഷകാഹാരം ലഭിക്കാഞ്ഞാൽ ശരീരത്തിനു കോട്ടം സംഭവിക്കുമല്ലൊ. നമ്മുടെ സ്ഥിതിയും അങ്ങനെയല്ലെ? വേണ്ട വിധത്തിൽ വളർച്ചയുണ്ടാകുന്നതിനും പോഷകാഹാരം ആവശ്യമാണ്. ആഹാരം കുറഞ്ഞാൽ മുട്ട വേണ്ടത്ര ഇടുകയില്ല. നടക്കാൻ മടി കാണിക്കും. രോഗങ്ങൾ ബാധിക്കാനിടയാകും. മുട്ടത്തോടിനു ബലം കുറയും. തൂവലുകൾ മോശമാവും. ക്ഷീണം ബാധിക്കും. കണ്ണുകാണായ്മ ഉണ്ടാകും. കണ്ണിൽ നിന്നും മൂക്കിൽ നിന്നും കൊഴുപ്പിൻെറ രൂപത്തിൽ പുറത്തേക്കൊഴുകും. ചെറിയ മുറിവുണ്ടായാൽ രക്തം വാർന്നു പോകുന്നു. വയറിളക്കം ഉണ്ടാകുന്നു. ത്വക്ക് രോഗം ഉണ്ടാകുന്നു.

പോഷകാംശങ്ങളടങ്ങിയ ഭക്ഷണം ഏററവും ആവശ്യമാണെന്ന് മനസിലായല്ലൊ. പ്രായത്തിനനുസരിച്ച് ഭക്ഷണക്രമം മാററുവാൻ മറക്കരുത്.

കോഴിത്തീററയ്ക്ക് ഉപയോഗിക്കുന്ന ധാന്യങ്ങൾ പലതാണ്. ചോളം കൂടുതൽ പോഷകാംശമുള്ളതാണ്. കോഴിത്തീററയിൽ ഇത് ഉൾപ്പെടുത്താം. കോഴിക്ക് ഇഷ്ടമുള്ള മറെറാരു ധാന്യമാണ് ബാർലി. ചെറിയ ശതമാനം മാത്രമെ ഇത് ഉൾപ്പെടുത്താവു. അല്പം തവിടു ചേർക്കുന്നത് തരക്കേടില്ല. പോഷകാംശമുള്ള മറെറാന്നാണ് മരച്ചീനി. നിലക്കടലപ്പിണ്ണാക്ക്, എള്ളിൻ പിണ്ണാക്ക് എന്നിവയും തീററയിൽ ചേർക്കാം. മായം ചേർക്കാത്ത മീൻപൊടി ആഹാരത്തിനു പററിയതാണ്.

ഏതെങ്കിലും ഒരു ആഹാര പദാർത്ഥം മാത്രമായാൽ വേണ്ട പോഷകാഹാരമാകുന്നില്ല. മേൽപ്പറഞ്ഞവയെല്ലാം തീററയിൽ അടങ്ങിയിരിക്കണം. ഇത്തരം കോഴിത്തീററകൾ ഇന്നു വാങ്ങുവാൻ ലഭിക്കുന്നു. അതുകൊ

ണ്ട് ഈ കാര്യത്തിൽ പ്രയാസമില്ല.

കോഴിത്തീററ വാങ്ങുമ്പോൾ പരിശോധിക്കണം. മായം ചേർത്തവയാണല്ലൊ ആഹാരസാധനങ്ങൾ പലതും. അതുകൊണ്ടാണ് ശ്രദ്ധിച്ചു വാങ്ങണമെന്നു പറയുന്നത്.

കോഴിവളർത്തൽ നല്ല രീതിയിലാകണമെങ്കിൽ ആഹാര കാര്യത്തിൽ വേണ്ടപോലെ ശ്രദ്ധിക്കണം. ജലാംശം കൂടുതലുള്ളവ വാങ്ങരുത്. ആഹാരം സൂക്ഷിച്ചു വെക്കുന്ന സ്ഥലം ശുചിയായിരിക്കണം. അവിടെ ഇടയ്ക്കിടയ്ക്ക് അണുനാശിനി ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം.

ആഹാരവസ്തുക്കൾ സൂക്ഷിച്ചു വെക്കുന്നതിലുള്ള അപാകതകൊണ്ട് എത്രയോ മരണങ്ങൾ സംഭവിക്കുന്നതായി പത്രങ്ങളിൽ കാണാം. മനുഷ്യരും ഇതേപോലെ മരണമടയാറുണ്ട്. പക്ഷി മൃഗാദികളുടെ ആഹാരവസ്തുക്കൾ വേണ്ടത്ര ശ്രദ്ധവെച്ച് സൂക്ഷിക്കാറില്ല എന്നത് ഒരു സത്യം മാത്രമാണ്. അതുകൊണ്ടാണ് ഈ കാര്യം വീണ്ടും പറയുന്നത്.

പ്രായത്തിനനുസരിച്ച് ആഹാരത്തിൻെറ തോതും മാറുമല്ലൊ. കോഴിയുടെ കാര്യത്തിലും ഈ കാര്യം ഓർക്കണം. പ്രായം കൂടിവരുന്നതിനനുസരിച്ച് തീററ കൂടുതൽ വേണ്ടിവരുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

# 5
# കോഴിയുടെ തരം

ആദിമ മനുഷ്യൻ കായ്കനികളും പച്ച മാംസവുമാണ് ഭക്ഷിച്ചിരുന്നത്. വയറുനിറയ്ക്കുക മാത്രമായിരുന്നു ലക്ഷ്യം. എത്രയോ വർഷങ്ങൾ കഴിഞ്ഞതിനു ശേഷമാണ് ഇന്നത്തെ രീതിയിലെത്തിയത്.

ആദിമ മനുഷ്യൻ കാട്ടുകോഴികളെ വേട്ടയാടി. കാട്ടുകോഴികളെ വളർത്തുവാൻ തുടങ്ങി. അവ വീട്ടു കോഴികളായിമാറി.

ഏതാണ്ട് അയ്യായിരം വർഷങ്ങൾക്കു മുൻപുതന്നെ കോഴികളെ വളർത്താൻ തുടങ്ങി. ആഫ്രിക്കയിലും തെക്കെ അമേരിക്കയിലുമാണത്രെ ആദ്യമായി കോഴിവളർത്തൽ ആരംഭിച്ചത്.

കാട്ടുകോഴികളിൽ നിന്നും വളരെ വ്യത്യസ്തമാണ് ഇന്നു വളർത്തുന്ന കോഴികൾ. കാട്ടുകോഴികൾ ഏതാണ്ട് ഇരുപത്തിയഞ്ച് മുട്ടകൾ മാത്രമെ ഇട്ടിരുന്നുള്ളു. ഇന്നു വളർത്തുന്നവ മുന്നൂറോ അതിൽ കൂടുതലൊ മുട്ടകൾ ഇടുന്നു. നല്ല രീതിയിലുള്ള ആഹാരം, വളർത്തുന്ന രീതിയിലുള്ള വ്യത്യാസം ഇവയാണതിനു കാരണം. ഇന്നു ശാസ്ത്രീയ രീതിയിലാണ് കോഴിവളർത്തുന്നത്. കോഴിയിൽ നിന്നു കിട്ടുന്ന ആദായം വർദ്ധിച്ചു. കോഴിവളർത്തൽ മനുഷ്യർക്കു വലിയ ഉപകാരമായി മാറി.

കോഴികൾ പല വർഗങ്ങളിൽ പെടുന്നു. മുട്ടയിടുന്ന തോതനുസരിച്ചും ഇറച്ചിയുടെ തരമനുസരിച്ചും

പലയിനം കോഴികളുണ്ട്. ശരീരത്തിൻെറ ആകൃതി, തൂവലുകളുടെ നിറം, പൂവിൻെറ പ്രത്യേകത എന്നിവയെ അടിസ്ഥാനമാക്കിയും വ്യത്യസ്ഥ വിഭാഗങ്ങളുണ്ട്.

കോഴികളെ പൊതുവെ രണ്ടായി തരംതിരിക്കാം— ഇന്ത്യയിൽ കാണുന്നവ, വിദേശക്കോഴികൾ എന്നിങ്ങനെ. നാടൻ കോഴികൾ ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നു. അസീൽ, ചിററഗോങ്ങ്, ഗാഗസ് എന്നിവയാണ് ഇന്ത്യയിൽ കാണുന്ന കോഴികൾ കോഴിപ്പോരിന് ഉപയോഗിക്കുന്നവയാണ്— അസീൽ കോഴികൾ. ചിററഗോങ്ങിൽ കാണുന്നവയാണ് ചിററഗോങ്ങ് കോഴികൾ. വലുപ്പം കൂടിയവയാണിവ. ഇവ അസീലിനെക്കാൾ കൂടുതൽ മുട്ടയിടുന്നു. ഇതിൻെറ ഇറച്ചി കൂടുതൽ രുചിയുള്ളതാണ്. ഗാഗസ് കോഴികൾ താരതമ്യേന മുട്ട കൂടുതൽ തരുന്നു. ഇറച്ചിയുടെ ആവശ്യത്തിനു പററിയതാണിവ.

പുറംരാജ്യങ്ങളിൽ നിന്നു കൊണ്ടുവന്നവയാണ് വിദേശക്കോഴികൾ. വൈററ് ലെഗോൺ, റോഡ് ഐലൻററ് റെഡ്, പ്ലീമത്ത് റോക്ക്, ബ്ളാക്ക്മൈനോർക്ക എന്നിവ ഇതിൽപ്പെടുന്നു.

മുട്ടയ്ക്കു വേണ്ടി മാത്രം വളർത്തുന്നവയാണ് ലെഗോണുകൾ, മൈനോർക്കകൾ എന്നിവ. ഇവ സാമാന്യം നല്ല മുട്ട തരുന്നു. ഈ വിഭാഗത്തിൽ പെടുന്ന കോഴികൾ പൊതുവെ ചെറിയവയും തൂക്കം കുറഞ്ഞവയുമാണ്.

ഇറച്ചിക്കുവേണ്ടി മാത്രം വളർത്തുന്നവയാണ് അസീൽ, ചിററഗോങ്ങ്, ബ്രഹ്മ തുടങ്ങിയവ. ഇവ പെട്ടെന്നു വളരുന്നു. ഇവക്ക് കൂടുതൽ ഇറച്ചിയുണ്ട്. കൂടുതൽ വലുപ്പവും ഭാരവും ഉണ്ട്. ഇറച്ചി മൃദുവാണ്.

ഇറച്ചിക്കും മുട്ടയ്ക്കും വേണ്ടി വളർത്തുന്നവയാണ് റോഡ്-ഐലൻഡ് റെഡ്, പ്ലിമത്ത് റോക്ക് തുടങ്ങിയവ. കുറച്ചു കോഴികളെ വളർത്തുന്നവർക്ക് ഇവയാണ് നല്ലത്.

രസത്തിനുവേണ്ടി മാത്രം വളർത്തുന്ന കോഴികളാണ് പോളിഷ്, ആൻഡു ലേഷ്യൻ തുടങ്ങിയവ. ഭംഗിക്കുവേണ്ടി വളർത്തുന്നവയാണ് ബഫ്, ബ്രഹ്മ തുടങ്ങിയവ.

# 6
# സാമ്പത്തികവശം

ഏതു കാര്യവും താല്പര്യമുണ്ടെങ്കിലേ വിജയിക്കൂ. എത്തേണ്ട ലക്ഷ്യത്തെപ്പററി ബോധമുണ്ടായിരിക്കണം. കോഴിവളർത്തലിൻെറ വിജയവും ഇതുതന്നെയാണ്.

പ്രവർത്തനത്തിൻെറ രീതിക്കനുസരിച്ച് ലാഭവും നഷ്ടവും ഉണ്ടാകുന്നു. ശരിയും തെററും മനസിലാക്കി മുന്നോട്ടു നീങ്ങണം. അത്യാഗ്രഹം ആപത്തിലേക്കാണ് നീങ്ങുക. കൂടുതൽ ലാഭം വേണമെന്നാഗ്രഹിക്കരുത്. ലാഭത്തിന് ഒരു പരിധിയുണ്ട്.

കൂടുതൽ പ്രവർത്തിച്ചതുകൊണ്ടു മാത്രം നേട്ടം ഉണ്ടാകുകയില്ല. എങ്ങനെ പ്രവർത്തിക്കണമെന്നും അറിയണം. അനുഭവത്തിൽ കൂടി കൂടുതൽ പഠിക്കുവാൻ കഴിയും. പുസ്തകങ്ങൾ വായിക്കുന്നതിലും മററുള്ളവരിൽ നിന്നു കേൾക്കുന്നതിലും കൂടുതലായി അനുഭവത്തിൽ നിന്നു മനസിലാകും.

കോഴിക്കുഞ്ഞുങ്ങളെ വളർത്തുമ്പോൾ ചൂടു നൽകേണ്ടി വരും. രാത്രി കാലത്ത് പ്രത്യേകിച്ചും ശരിയായ രീതിയിലല്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് കേടുപററുവാൻ ഇടയുണ്ട്.

മുട്ടയിടുന്ന കോഴികൾക്ക് ആഹാരം കുറഞ്ഞാൽ മുട്ട കുറയും. വെള്ളം കൊടുക്കാതിരുന്നാലും ഇങ്ങനെ സംഭവിക്കും. അസുഖം വന്ന കോഴികളെ കൂട്ടത്തിൽ നിന്നും മാററണം മൃഗ ഡാക്ടരെ കാണിച്ച് ചികിത്സിക്കണം. ഇതെല്ലാം വേണ്ട സമയത്തു ചെയ്യുന്നില്ലെങ്കിൽ നഷ്ടം സംഭവിക്കും.

കോഴിയിൽ നിന്നു കിട്ടുന്ന മുട്ട, അവയ്ക്കു കൊടുക്കുന്ന ആഹാരം എന്നിവ കണക്കാക്കണം. വരവും ചെലവും കണക്കാക്കുന്നില്ലെങ്കിൽ നഷ്ടം സംഭവിക്കും. മുട്ട കുറയുമ്പോൾ വില്ക്കുന്നതാണ് നല്ലത്. മുട്ട മാത്രമാണ് ലക്ഷ്യമെങ്കിൽ വൈററ് ലെഗോൺ കോഴികളെ വളർത്തുന്നതാണ് നല്ലത്.

ഒരു വ്യവസായം നല്ല രീതിയിലാകാൻ മൂലധനം, പ്രവർത്തകർ, മാർക്കററ് എന്നിവ ഒഴിച്ചുകൂടാത്തതാണ്. മൂലധനം കടമായി കിട്ടുമല്ലോ. സ്വന്തം മേൽനോട്ടത്തിലായതുകൊണ്ട് പ്രവർത്തകരുടെ വിഷമവുമുണ്ടാവില്ല. പിന്നെ മാർക്കററിൻെറ കാര്യമാണ്. ചില സ്ഥലങ്ങളിൽ സഹകരണ സംഘത്തിൽ കൂടി വില്പന നടക്കും. അവിടെ ഇതു പ്രയാസമില്ല. മാർക്കററിൽ എല്ലാ കാലത്തും വില ഒരുപോലെയല്ല. ഇതു മനസിലാക്കി പ്രവർത്തിക്കണം.

കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. വില കുറവുള്ള കേന്ദ്രങ്ങൾ കണ്ടുപിടിക്കണം. കോഴിക്കുഞ്ഞുങ്ങൾ ഗുണമുള്ളതല്ലെങ്കിൽ എല്ലാ പ്രവർത്തനവും നഷ്ടത്തിലാകും. ആവശ്യമായ

സാധന സാമഗ്രികൾ വാങ്ങുന്നതിലും കോഴിത്തീററ വാങ്ങുന്നതിലും പ്രത്യേകം ശ്രദ്ധിക്കണം. ലാഭവും നഷ്ടവും സംഭവിക്കുന്നത് പ്രവർത്തനരീതിയുടെ ഫലമായാണ്.

വരവും ചെലവും അറിയുന്നതിന്ന് പ്രത്യേകം കണക്കുകൾ സൂക്ഷിക്കണം. കണക്കുകളിൽ കൂടി കാര്യങ്ങൾ മനസിലാക്കാം. മാസംതോറും കണക്കു പരിശോധിച്ച് പുരോഗതി എങ്ങനെയെന്നറിയാം. ആഹാരത്തിൻെറ തോത്, മരണ നിരക്ക്, രോഗവും ചികിത്സയും, മുട്ടയുടെ എണ്ണം എന്നിവ കണക്കിൽ എഴുതിയിരിക്കണം. എന്നാൽ ഒററനോട്ടത്തിൽ തന്നെ എല്ലാം മനസിലാകും. ദിവസേന കാണിക്കുന്ന റെക്കാർഡിനു പുറമെ മാസ റെക്കാർഡുകളും അർദ്ധ വാർഷിക റെക്കാർഡുകളും വാർഷിക റെക്കാർഡുകളും സൂക്ഷിച്ചിരിക്കണം. കോഴിയിൽ നിന്നു കിട്ടുന്ന വളത്തിൻെറ കണക്കും ഉണ്ടായിരിക്കണം. എന്നാൽ ആർക്കും ഒററനോട്ടത്തിൽ നല്ല പോലെ മനസിലാകും. പുരോഗതിയുടെ കഥ കണക്കു പറഞ്ഞുതരും.

ഇതിനു പുറമെ കെട്ടിടത്തിനുള്ള ചെലവ്, മററു സാമഗ്രികൾ വാങ്ങിയ വില, മൂലധനത്തിനുള്ള പലിശ, പലവക ചെലവുകൾ, ജോലിക്കാരുടെ കൂലി എന്നിവയും കണക്കിലുണ്ടാകണം. ഇവയെല്ലാം പരിശോധിച്ചു വേണം ലാഭവും നഷ്ടവും കണക്കാക്കുവാൻ.

എൻെറ ജീവിതത്തിൽ വലിയ നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞത് കോഴിവളർത്തൽ കൊണ്ടാണ്. ഞാൻ മാത്രമല്ല ഈ ജോലി ചെയ്യുന്നത്. ഭാര്യയും കുട്ടികളും വേണ്ട ജോലിയെല്ലാം ചെയ്തു തീർക്കും. കൂലിയായി ഒന്നും ചെലവാക്കേണ്ടി വന്നില്ല. ഒഴിവു സമയത്തു ജോലിയുമായി ജോലിക്കുവേണ്ടി മറെറാരാളെ ആശ്രയിക്കേണ്ടി വരുന്നില്ല. മാത്രമല്ല അവനവൻെറ ജോലി എന്ന

നിലയിൽ ജോലിചെയ്യുന്നത് ഒരഭിമാനവുമാണ്. എൻെറ വീട് എവിടെയാണെന്ന് മുമ്പു തന്നെ പറഞ്ഞു വല്ലോ. സൗകര്യപ്പെടുമ്പോൾ അങ്ങോട്ടു വരിക. നേരിട്ട് കണ്ട് മനസിലാക്കുന്നത് എനിക്കും സന്തോഷമുള്ള കാര്യമാണ്. പറഞ്ഞുകേൾക്കുന്നതിനേക്കാൾ നേരിട്ടുകാണുന്നതാണ് നല്ലത്. അപ്പോൾ കൂടുതൽ മനസിലാകും. എപ്പോൾ വേണമെങ്കിലും വരാം.

## 7
## മുട്ട സൂക്ഷിക്കൽ

മുട്ട സൂക്ഷിച്ചു വെക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. അല്ലാതിരുന്നാൽ ഉപയോഗിക്കാൻ പററില്ല. എങ്ങനെ സൂക്ഷിക്കണമെന്ന സംശയം ഉണ്ടാകാം. അതാണ് ഇനി പറയുന്നത്.

മുട്ട അഴുക്കുതട്ടാതെ സൂക്ഷിക്കണം. അഴുക്കുതട്ടിയാൽ രോഗാണുക്കൾ കടന്നുകൂടും. അവ വളർന്ന് വ്യാപിക്കും. അതുകൊണ്ട് കോഴിക്കൂട് ശുചിയായി വെക്കണം. അഞ്ചു കോഴിക്ക് ഒന്ന് എന്ന തോതിൽ മുട്ടക്കൂടുകൾ ഉണ്ടായിരിക്കണം. അവ എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. മുട്ടക്ക് അഴുക്ക് പററിയിട്ടുണ്ടെങ്കിൽ ഒരു തുണികൊണ്ട് തുടച്ച് വൃത്തിയാക്കണം.

മുട്ട ട്രേകളിൽ അടുക്കി സൂക്ഷിക്കണം. എന്താണ് ട്രേ എന്നത് മനസിലായോ? ഓരോ മുട്ട വെക്കുവാനും പ്രത്യേകം പ്രത്യേകം കള്ളികളുള്ള തട്ട് എന്നതിനു

10173

പറയാം. മുട്ടയുടെ പരപ്പുള്ള ഭാഗം മുകളിലായി വെക്കണം. വായു നിറഞ്ഞ കുമിളകൾ ഈ ഭാഗത്തുണ്ട്. അതിനു കേടു പററാതിരിക്കുവാനാണ് ഇങ്ങനെ വെക്കുന്നത്.

ചിലപ്പോൾ ഒരാഴ്ചയിലധികം കാലം മുട്ട സൂക്ഷിക്കേണ്ടി വരും. അപ്പോൾ അവയെ ദിവസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം തിരിച്ചു വെക്കുന്നതു നല്ലതാണ്.

പത്തു ദിവസങ്ങളിലേറെ പഴക്കമുള്ള മുട്ട അട വെക്കുന്നതിനു നല്ലതല്ല. പഴക്കമെത്താത്ത മുട്ടകൾക്കാണ് വിരിയുവാൻ കൂടുതൽ കഴിവുള്ളത്.

അട വെക്കുവാനുള്ള മുട്ടകൾ പ്രത്യേകം ശ്രദ്ധിക്കണം. ശരിയായി സൂക്ഷിക്കുന്നില്ലെങ്കിൽ കേടുവരുവാനിടയുണ്ട്. കൂടുതൽ ചൂടുതട്ടുവാൻ ഇടയാകരുത്. അതുപോലെ തന്നെ കുറഞ്ഞ ചൂടും ഗുണമല്ല. ചൂടിൻെറ സ്ഥിതിയനുസരിച്ച് ചൂട് ക്രമീകരിക്കുവാൻ വേണ്ട മുൻകരുതലുകൾ ചെയ്യണം. അധികം ചൂടുണ്ടെങ്കിൽ സ്ഥലം മാററിവെക്കണം. മൺപാത്രത്തിൽ വെച്ച് ചാക്കു കൊണ്ട് ചുററി വെള്ളം തളിച്ച് തണുപ്പിക്കണം.

നാടൻ കോഴികൾ മുട്ട വിരിക്കുന്നത് പഴയ സമ്പ്രദായത്തിലാണ്. ഒരു പാത്രത്തിൽ കുറെ ഭാഗം ഉമി നിറയ്ക്കുന്നു. അതിന്മേൽ മുട്ട വെക്കുന്നു. തള്ളക്കോഴി അതിന്മേൽ കിടക്കുന്നു. ഇരുപത്തി ഒന്നു ദിവസം കൊണ്ട് മുട്ട വിരിയുന്നു. കുറച്ചു മാത്രം മുട്ടകളായതുകൊണ്ട് ഇതിനു പ്രയാസമില്ല.

കൂടുതൽ മുട്ടകൾ വിരിക്കുന്നത് ഇങ്ങനെയല്ല. അതെങ്ങിനെയാണെന്നറിയാമോ?

കൂടുതൽ മുട്ടകൾ വിരിക്കുവാൻ 'ഇൻക്യുബേററർ' എന്ന ഉപകരണം ഉപയോഗിക്കുന്നു. ഒരേ സമയത്ത്

കൂടുതൽ മുട്ടകൾ വിരിപ്പിക്കുവാൻ ഈ യന്ത്രത്തിനു കഴിയുന്നു. ഇതിനും ഇരുപത്തി ഒന്നു ദിവസം തന്നെ വേണം.

പിടക്കോഴിക്ക് പ്രായം കൂടുമ്പോൾ മുട്ട വിരിക്കുവാനുള്ള കഴിവും കുറയുന്നു. കൂടുതൽ പിടകളും ഒരു പൂവനും മാത്രമുള്ള കൂട്ടിൽ നിന്നു ശേഖരിക്കുന്ന മുട്ടകളുടെ ഫലപുഷ്ടി കുറയും. കൂടുതൽ ചൂടുള്ള കാലാവസ്ഥയിലും മുട്ടയുടെ ഫലപുഷ്ടി കുറയുന്നതാണ്.

വേണ്ടത്ര പ്രകാശം ലഭിച്ചില്ലെങ്കിൽ പൂവൻ കോഴിയുടെ ഉൽപ്പാദന ശേഷി കുറയും. പിടക്കോഴിയെയും ഇതു ബാധിക്കുന്നു. പ്രകാശം കുറഞ്ഞാൽ മുട്ടയും കുറയുന്നു.

അടുത്ത ബന്ധുക്കൾ തമ്മിൽ വിവാഹം ചെയ്യാറില്ലല്ലോ. എന്തുകൊണ്ടാണ്? പ്രധാന കാരണം അതിലുണ്ടാകുന്ന സന്താനങ്ങൾക്ക് കഴിവ് കുറയുമെന്നതാണ്. എല്ലാവരും ഈ കാര്യം ശ്രദ്ധിച്ചെന്നു വരില്ല. എന്നാൽ ശ്രദ്ധിക്കുന്നവരാണ് കൂടുതലും. കോഴിയുടെ കാര്യത്തിലും ഇതു വളരെ ശരിയാണ്. അടുത്ത ബന്ധുക്കൾ തമ്മിൽ ഇണ ചേർക്കുന്നത് ഗുണം കുറയുവാൻ ഇടയാകും. മുട്ടയുടെ എണ്ണം കുറയും. കൂടുതൽ മുട്ടയിടുന്ന കോഴികളുടെ മുട്ടയ്ക്ക് ഗുണം കൂടും.

# 8

# കോഴിക്കുഞ്ഞുങ്ങൾ

കോഴിവളർത്തലിൻെറ ആദായം കോഴിക്കുഞ്ഞുങ്ങളെ ആശ്രയിച്ചിരിക്കും. ആദ്യം തന്നെ ഏതു തരത്തിലുള്ള കോഴികളെ വളർത്തണമെന്നു തീരുമാനിക്കണം. കോഴിവളർത്തു കേന്ദ്രത്തിൽ വൈററ് ലെഗോൺ കോഴിക്കുഞ്ഞുങ്ങളെയാണ് വിരിപ്പിക്കുന്നത്. എൻെറ ആവശ്യവും അതുതന്നെയായിരുന്നു.

വിശ്വാസയോഗ്യമായ സ്ഥാപനങ്ങളിൽ നിന്നേ കോഴിക്കുഞ്ഞുങ്ങളെ വാങ്ങാവൂ. അല്പം ലാഭം നോക്കിയാൽ കൂടുതൽ നഷ്ടമാണ് സംഭവിക്കുക. വിത്തുഗുണം പത്തുഗുണമെന്നു കേട്ടിട്ടില്ലേ?

എൻെറ ഒരു സ്നേഹിതനു പററിയ അബദ്ധം ഈ അവസരത്തിൽ പറയാമല്ലോ. അല്പം ലാഭം മോഹിച്ചാണങ്ങനെ ചെയ്തത്. അദ്ദേഹം ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്. പൂവനും പിടയും തിരിച്ചറിയുവാൻ കഴിഞ്ഞില്ല. അതിൽ കൂടുതലും പൂവനായിരുന്നു. കുഞ്ഞുങ്ങൾക്കാണെങ്കിൽ വേണ്ടത്ര ആരോഗ്യമുണ്ടായിരുന്നില്ല. എല്ലാം നഷ്ടത്തിൽ കലാശിച്ചു. ശ്രദ്ധിക്കാഞ്ഞാൽ ഇങ്ങനെ സംഭവിക്കും.

ശരിയായ വിധത്തിൽ സംരക്ഷിച്ചു വന്ന കോഴികളെ മാത്രമേ വാങ്ങാവൂ. രോഗബാധയുടെ സംശയങ്ങൾ പാടില്ല. കുഞ്ഞുങ്ങൾക്കു വേണ്ടത്ര ആരോഗ്യമുണ്ടായി

രിക്കണം. വായുസഞ്ചാരത്തിനു സൗകര്യമുള്ള കൂട് ആയിരിക്കണം. വേണ്ടത്ര സ്ഥല സൗകര്യം വേണം. പ്രകാശം ലഭിക്കുകയും വേണം.

കോഴിക്കു ദിവസേന രണ്ടുതവണ തീററ കൊടുക്കണം. കുടിക്കുവാനുള്ള വെള്ളം ആവശ്യമുള്ളപ്പോഴെല്ലാം അവയ്ക്കു കിട്ടണം.

കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന കേന്ദ്രത്തിൽ ആയിരക്കണക്കിന് കോഴിക്കുഞ്ഞുങ്ങളെ വിരിച്ചിറക്കുന്നു. ഇൻകുബേററർ എന്ന യന്ത്ര മുള്ളതുകൊണ്ട് ഇത് ഒരു പ്രയാസമല്ല. കോഴിക്കുഞ്ഞുങ്ങളെ സംരക്ഷിക്കുക എളുപ്പമുള്ള കാര്യമല്ല.

വിരിഞ്ഞ കോഴിക്കുഞ്ഞുങ്ങൾ ബ്രൂഡറിൽ വളരുന്നു. എന്താണ് ബ്രൂഡർ?

വിരിഞ്ഞ കോഴിക്കുഞ്ഞുങ്ങളെ സൂക്ഷിക്കുവാനുള്ള ഒരു ഉപകരണമാണിത്. ഇതേററവും ആവശ്യവുമാണ്. ആവശ്യത്തിന്നനുസരിച്ച് ഇതിൻെറ ആകൃതിയും വലുപ്പവും രൂപപ്പെടുത്താം.

ബ്രൂഡറിലെ കോഴിക്കുഞ്ഞുങ്ങൾക്ക് വേണ്ടത്ര ചൂട് ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കണം. കുഞ്ഞുങ്ങൾ തിങ്ങി കൂടുന്നുവെങ്കിൽ വേണ്ടത്ര ചൂട് ലഭിക്കുന്നില്ലെന്നു കണക്കാക്കാം. ബ്രൂഡറിൻെറ അരികിലേക്കു അവ മാറുന്നുവെങ്കിൽ ചൂട് അധികമാണെന്നും മനസിലാക്കാം. ശരിയായ ചൂട് ലഭിക്കുന്നുവെങ്കിൽ അവ അങ്ങിങ്ങായി നില്ക്കും.

ബ്രൂഡറിനുള്ളിൽ വേണ്ടത്ര വെളിച്ചവും വായുസഞ്ചാരവും വേണം. പ്രകാശമുണ്ടെങ്കിലേ വേണ്ടതുപോലെ ഭക്ഷണം കഴിക്കുകയുള്ളു. നനവുണ്ടായിരിക്കരുത്.

കോഴിക്കുഞ്ഞുങ്ങൾക്ക് വളർന്നു വരുവാൻ വേണ്ട സൗകര്യം ബ്രൂഡറിൽ ഉണ്ടായിരിക്കണം. തീററപ്പാത്ര

ങ്ങളും വെള്ളം നൽകുവാനുള്ള പാത്രങ്ങളും ബ്രൂഡ റിൽ ഉണ്ടായിരിക്കണം.

പരിസര ശുചീകരണത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണം. കോഴിക്കാഷ്ഠം ശേഖരിച്ച് നീക്കം ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. അഴുക്കുണ്ടായാൽ രോഗങ്ങൾ തനിയെ ഉണ്ടാകും. അണുനാശിനി ഉപയോഗിച്ച് ബ്രൂഡർ വൃത്തിയാക്കണം.

വലിയ കേന്ദ്രങ്ങളിൽ ബാററി ബ്രൂഡറുകളാണ് ഉപയോഗിക്കുന്നത്. എന്താണ് ബാററി ബ്രൂഡറുകൾ?

പല തട്ടുകളിലായി ബ്രൂഡറുകൾ അടുക്കിവെക്കുന്ന സംവിധാനത്തെയാണ് ബാററി ബ്രൂഡർ എന്നു പറയുന്നത്. ഇതുകൊണ്ട് സ്ഥല സൗകര്യം ലാഭിക്കാം. കോഴിക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കുവാൻ ഏററവും പററിയ ഒരു ഉപകരണമാണിത്.

ബാററി ബ്രൂഡറിൽ അടിയററത്തെ അറയിൽ ചൂടു കുറയും. ഏററവും പ്രായം കുറഞ്ഞ കോഴിക്കുഞ്ഞുങ്ങളെ മുകളിലുള്ള അറയിൽ ഇടുന്നു. പ്രായത്തിനനുസരിച്ച് താഴോട്ടു മാറിവരുന്നു. സ്ഥല സൗകര്യം പ്രായത്തിനനുസരിച്ചായിരിക്കണം.

മണ്ണെണ്ണ വിളക്കുപയോഗിച്ച് ചെറിയ ബാററി ബ്രൂഡറുകളിൽ ചൂട് നിയന്ത്രിക്കാം.

ബ്രൂഡറിൽ ഒരിക്കലും കോഴിക്കുഞ്ഞുങ്ങളെ ഞെക്കി ഞെരുക്കി വളർത്തരുത്. വേണ്ടത്ര സ്ഥല സൗകര്യം വേണം. അല്ലാതിരുന്നാൽ മരണത്തിനു കാരണമാകും.

കോഴിക്കുഞ്ഞിനെ ഒരു ഷെഡിന്റെ തറയിൽ തന്നെ വളർത്താറുണ്ട്. വിവിധ ഇനത്തിലുള്ള ബ്രൂഡർ ഉപയോഗിച്ച് ചൂടുനല്കുന്നു. ഇതിനു ഇൻഫ്രാറെഡ് ബ്രൂഡർ എന്നു പറയുന്നു. ഈ ബ്രൂഡറിനു പ്രവർ

ത്തന ചെലവു കുറവാണ്. ഇൻഫ്രാറെഡ് ബൾബു കൾ ലോഹ നിർമ്മിതമായ പ്രതിഫലകങ്ങളിൽ ഘടിപ്പി ച്ചതാണ് ഈ ഉപകരണം. വേറെയും പല രീതികളിലു ള്ള ബ്രൂഡറുകളുണ്ട്.

എന്റെ രീതി മേൽപ്പറഞ്ഞവയൊന്നുമല്ല. മൂന്നടി ചുററളവുള്ള ഒരു കുട്ടകൊണ്ട് കാര്യം സാധിക്കുന്നു. ഒരു കുട്ടയിൽ എഴുപത്തിയഞ്ചു കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാൻ കഴിയും. കോഴിക്കുഞ്ഞുങ്ങൾക്ക് അക ത്തേക്കും പുറത്തേക്കും കടക്കുവാൻ സൗകര്യം ഉണ്ടായി രിക്കണം. അതിന്നായി കുട്ട നാലോ അഞ്ചോ ചുടുകട്ട കൾക്കുമീതെ കമഴ്ത്തി വെക്കണം. കോഴിക്കുഞ്ഞുങ്ങൾ ക്കു ചൂടു നൽകുവാൻ മണ്ണെണ്ണ റാന്തലൊ വൈദ്യുത ബൾബുകളൊ ഉപയോഗിക്കാം. അറുപത് വാൾട്ട് ബൾ ബ് രണ്ടെണ്ണം മതിയാകും. ഇവയെ കുട്ടയ്ക്കുള്ളിൽ ഘടിപ്പിക്കാം. റാന്തലാണ് ഉപയോഗിക്കുന്നതെങ്കിൽ അ തിനെ കമ്പിവല കൊണ്ടു പൊതിയണം. റാന്തലിലെ പുക പുറത്തേക്കു പോകുവുൻ കുട്ടയ്ക്കുമുകളിൽ ഒരു ദ്വാരം വേണം. കുട്ടയ്ക്കു താഴെ ഏതാണ്ട് നാലിഞ്ചു കനത്തിൽ നല്ല ലിററർ നിരത്തണം.

തീററ കൊടുക്കുവാൻ തകരം കൊണ്ടുള്ള തീററപ്പാ ത്രങ്ങൾ ഉപയോഗിക്കാം. മുളക്കഷ്ണം നെടുകെ പിളർ ന്നതായാലും മതി. വെള്ളവും അടുത്തുണ്ടുകണം.

ഒന്നു മുതൽ മൂന്നു ദിവസം വരെ തീററ, കാർഡ് ബോഡിലൊ, പേപ്പർ കഷ്ണത്തിലൊ മറെറാ വിതറി കൊടുക്കണം. മൂന്നു ദിവസത്തിനു ശേഷം ഇവ മാററി തീററപ്പാത്രങ്ങൾ വെച്ചുകൊടുക്കണം. മൂന്നാമത്തെ ആ ഴ്ച മുതൽ വലിയ തീററപ്പാത്രങ്ങൾ ഉപയോഗിക്കാം.

രോഗ ബാധയുണ്ടോ എന്നു ശ്രദ്ധിക്കണം. രോഗ സംശയമുണ്ടെങ്കിൽ ഉടനെ ഡക്ടരെ കണ്ട് വേണ്ടതു ചെയ്യണം. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ ഭേദം രോഗം വരാതിരിക്കുവാൻ ശ്രദ്ധിക്കലാണ്.

# 9
# രോഗങ്ങൾ

പല രോഗങ്ങളും അശ്രദ്ധ കൊണ്ട് ഉണ്ടാകുന്നതാണ്.

രോഗങ്ങളിൽ മിക്കവയും വളരെ വേഗം പടർന്നു പിടിക്കുന്നവയാണ്. കോഴി വസന്ത, കോഴി മസൂരി എന്നിവ കാട്ടുതീ പോലെ പടർന്നുപിടിക്കുന്നു. കോഴികൾ മിക്കതും മരണമടയുന്നു. കാര്യമായ ചികിത്സാവിധികളൊന്നും തന്നെ ഈ രോഗങ്ങൾക്ക് ഇല്ല. പരിസര ശുചീകരണം, കുത്തിവെപ്പ് എന്നിവ കൊണ്ട് രോഗങ്ങൾ വരാതെ സൂക്ഷിക്കാം.

പഴയ തീററകളിൽ, പ്രത്യേകിച്ചും പൂപ്പുപിടിച്ച നിലക്കടലപ്പിണ്ണാക്കിൽ നിന്നും ഒരുതരം രോഗം ഉണ്ടാകാറുണ്ട്. ഈ വിഷബാധ കാരണം കരളിൽ അർബുദം പോലും ഉണ്ടായേക്കാം.

വിര, കീടം, ചെള്ള്, പേൻ എന്നിവ കൊണ്ടും രോഗം ബാധിക്കാം. ഇവ ബാധിച്ചാൽ കോഴിയുടെ വളർച്ച മുരടിക്കുന്നു. മുട്ടയിടൽ കുറയുന്നു.

പോഷകാംശമുളള ഭക്ഷണത്തിൻെറ കുറവുകൊണ്ടും ചില രോഗങ്ങൾ ഉണ്ടാകാറുണ്ട്.

രോഗം ബാധിച്ച കോഴിയിൽ നിന്നു മററു കോഴികൾക്ക് രോഗം പകരുന്നു. തീററ, വെളളം, ഉപകരണങ്ങൾ, രോഗം ബാധിച്ച കോഴികൾ എന്നിവയെല്ലാം രോഗകാരണമാകുന്നു.

കോഴിക്കൂട് വൃത്തിയായിരിക്കണം. കാലാവസ്ഥ യിലുണ്ടാകുന്ന മാററങ്ങൾ ബാധിക്കാതിരിക്കാൻ ശ്രദ്ധി ക്കണം. രോഗ ചികിത്സ പ്രയോജനകരമല്ല. മരു ന്നിൻെറ വില കോഴിയുടെ വിലയേക്കാൾ കൂടും.

രോഗം വരാതിരിക്കുവാനുള്ള മുൻകരുതലുകൾ ഉണ്ടാകണം. കോഴിക്കുഞ്ഞുങ്ങളെ വലിയ കോഴികളിൽ നിന്നും അകററി നിർത്തണം.

കോഴിക്കൂടിനകത്തേക്ക് സന്ദർശകരെ കടത്തരുത്. രോഗം ബാധിക്കുവാൻ ഇതും ഒരു കാരണമായേക്കാം.

രോഗലക്ഷണമുണ്ടെന്ന് തോന്നുമ്പോൾ അത്തരം കോഴികളെ ഉടനടി മാററണം. കോഴിക്കാട്ടം പല രോഗ ങ്ങൾ പകരുന്നതിനു കാരണമാകും. ഒരിടത്തും കോഴി ക്കാട്ടം കൂടികിടക്കുവാൻ ഇടയാകരുത്.

എലി, ചെള്ള്, ഈച്ച തുടങ്ങിയ പ്രാണികൾ കോഴി ക്കൂട്ടിൽ പ്രവേശിക്കുവാൻ ഇടയാകരുത്. പല വർഗ ത്തിൽപെട്ട കോഴികളെ ഒരേ കൂട്ടിൽ വളർത്തുന്നത് നന്നല്ല. രോഗം വരാതിരിക്കുവാനുള്ള കുത്തിവെപ്പ് നടത്തേണ്ടതാണ്.

ശ്വാസനാളവീക്കം കോഴിക്കുഞ്ഞുങ്ങളിൽ കാണുന്ന മറെറാരു രോഗമാണ്. ഇതു പകർച്ചവ്യാധിയാണ്. ഈ രോഗം വായുവിൽ കൂടി പരക്കുന്നു. ഈ രോഗം ബാ ധിച്ചാൽ വലിയ കോഴികളിൽ ചുമ, ശ്വാസംമുട്ടൽ എന്നീ ലക്ഷണങ്ങൾ കാണുന്നു.

ഇവയ്ക്കു പുറമെ കോഴിക്കു പലവിധ രോഗങ്ങൾ ബാധിക്കാറുണ്ട്. മനുഷ്യർക്കു പലവിധ പുതിയ രോഗങ്ങൾ ബാധിക്കാറില്ലേ? അതുപോലെ തന്നെ കോ ഴിക്കും. രോഗം വരാതിരിക്കുവാനുള്ള മുൻകരുതലു കളാണ് വേണ്ടത്. പരിസര ശുചീകരണത്തിൽ കൂടു തൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇപ്പോൾ എൻെറ സ്നേഹിതൻ ഗോപാലനെയാണ് ഓർക്കുന്നത്. അദ്ദേഹം കോഴിവളർത്തലിൽ ഏർപ്പെട്ടിരുന്നു. എൻെറ വീട്ടിൽനിന്ന് അല്പം അകലെയാണദ്ദേഹം താമസിക്കുന്നത്. കോഴിക്ക് കുത്തിവെപ്പ് നടത്തിയില്ല. രോഗം പിടിപെട്ടു. ഡാക്ടരെ തക്കസമയത്ത് വിവരം അറിയിച്ചില്ല. രോഗം പടർന്നുപിടിച്ചു. കോഴികൾ ഓരോന്നായി ചത്തു. അല്പം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കയില്ലായിരുന്നു. ഞാൻ വിവരം അറിഞ്ഞത് നഷ്ടം സംഭവിച്ചതിനു ശേഷമാണ്. ഇതു കൊണ്ട് കോഴിവളർത്തൽ നഷ്ടമാണെന്നു പറയാമോ?

എനിക്ക് ഇതേവരെ വിഷമിക്കേണ്ടിവന്നില്ല. ഞാൻ എല്ലാം മുൻകൂട്ടി ചെയ്തു. നഷ്ടമൊന്നും ഉണ്ടായില്ല. എന്തുകൊണ്ടാണ്? ഇതിന് ഭാഗ്യദോഷമെന്നോ നിർഭാഗ്യമെന്നോ പറയാമോ? വേണ്ടതു വേണ്ടസമയത്ത് ചെയ്യണം. മനസിലായോ? നഷ്ടവും ലാഭവും ഉണ്ടാക്കുന്നത് അവനവൻെറ പ്രവർത്തനഫലമാണ്.

# 10
# മുട്ട

മുട്ടയ്ക്കുവേണ്ടിയാണല്ലോ കോഴികളെ പ്രധാനമായും വളർത്തുന്നത്. കൂടുതൽ മുട്ട ലഭിക്കുവാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അതും നല്ലവയായിരിക്കണം. നല്ല സാധനങ്ങൾക്കു മാത്രമേ നല്ല വില കിട്ടുകയുള്ളു.

മുട്ട കേടുകൂടാതെ സൂക്ഷിക്കണം. വളരെ വേഗത്തിൽ ചീത്തയാകുന്ന ആഹാര സാധനമാണ് മുട്ട. കെട്ട മുട്ട നാറുന്നതുപോലെ എന്നു പലതിനോടും ഉപമിക്കാറുണ്ട്.

മുട്ടത്തോട് കട്ടിയുള്ളതാണ്. സുഷിരങ്ങളുള്ളതുകൊണ്ട് ഉള്ളിലെ ജലാംശം നഷ്ടപ്പെടുന്നു. മാലിന്യങ്ങൾ കടക്കുവാനും സാധ്യതയുണ്ട്. ശരിയായ സംരക്ഷണം മുട്ടക്കുണ്ടായിരിക്കണം.

മുട്ടയുടെ വലുപ്പം ഗുണവുമായി യാതൊരു ബന്ധവുമില്ല. പാൽ കഴിഞ്ഞാൽ പോഷകഗുണമുള്ള ആഹാരമാണ് മുട്ട.

കട്ടിയും വൃത്തിയുമുള്ള മുട്ടത്തോടാണെങ്കിൽ മുട്ട കൂടുതൽ കാലം കേടുകൂടാതെ നില്ക്കും. തോടിൽ ഏതെങ്കിലും ഭാഗം ഉടവുതട്ടിയാൽ അണു ജീവികൾ കടന്നു ചീത്തയാകും.

മുട്ടയെ അവയുടെ ഗുണവും ഭാരവും അടിസ്ഥാനമാക്കി തരംതിരിക്കുന്നു. വലുപ്പമുള്ള മുട്ടയാണ് വാങ്ങുന്ന ആൾ ഇഷ്ടപ്പെടുക. നല്ല മുട്ട ഉല്പാദിപ്പിച്ചാൽ മാത്രമെ കൂടുതൽ ആദായം കിട്ടുകയുള്ളു.

ഇപ്പോൾ എനിക്കു കോഴിവളർത്തൽ പ്രയാസമല്ല. മററുള്ളവരിൽനിന്നും പുസ്തകങ്ങളിൽനിന്നും ഇതേപ്പററി അറിവു സമ്പാദിച്ചു. അനുഭവത്തിൽ കൂടി കൂടുതൽ പഠിച്ചു. ഈ തൊഴിൽ ആദായകരമാണ്. ഒഴിവുസമയം നല്ലപോലെ ചെലവഴിക്കാം. എൻെറ ഭാര്യയും കുട്ടികളും എന്നെ വേണ്ടത്ര സഹായിക്കുന്നു. തൊഴിലിന്നുവേണ്ടി കണ്ടവരുടെ പടി കയറി ഇറങ്ങേണ്ടതില്ല. വീട്ടിൽ എല്ലാവർക്കും ജോലിയുണ്ട്. ഇതുപോലെ നിങ്ങളും ശ്രമിക്കൂ. ആർക്കു വേണമെങ്കിലും ഇതേപ്പററി ഞാൻ പറഞ്ഞുതരാം. സൗകര്യം കിട്ടുമ്പോൾ ഇങ്ങോട്ടു വരു.

★

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.

Cl. No. M.638  Acc. No. 10173

This book should be returned on or before the date last stamped below.

MAR 1985
16 MAR 1985
29 AUG 1985
15 FEB 1988
28 APR 1991
24 DEC 1996
- 2 MAY 1997
29 DEC